"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ബി 1/19493/15

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, നാലാംനില,
തിരുവനന്തപുരം -01
തീയതി: 09/07/2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- നികുതിയേതര വരുമാനത്തിലൂടെ സർക്കാരിലേയ്ക്ക് ലഭിക്കുന്ന തുകയുടെ വിവരങ്ങൾ -സംബന്ധിച്ച്.

**************

നികുതിയേതര വരുമാനത്തിലൂടെ പ്രതിമാസം ലഭിക്കുന്ന തുകയുടെ വിവരങ്ങൾ എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപ് നൽകണമെന്ന് നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും പല സ്ഥാപനമേധാവികളും യഥാസമയം വിവരങ്ങൾ നൽകുന്നില്ല. ടി കാരണത്താൽ സർക്കാരിലേയ്ക്ക് പൂർണ്ണമായ റിപ്പോർട്ട് യഥാസമയം നൽകാൻ സാധിക്കുന്നില്ല. ആയതിനാൽ സർക്കാരിലേയ്ക്ക് ഓരോ മാസത്തെയും തുകയെ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനായി എല്ലാ സ്ഥാപന മേധാവികളും അതാതു മാസത്തെ വിവരങ്ങൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്ക് മുൻപ് itdcash@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതും പകർപ്പ് തപാൽ മുഖേന അയച്ച് തരേണ്ടതുമാണ്.

കൂടാതെ നടപ്പു സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മാസം മുതലുളള തുകയുടെ വിവരങ്ങൾ ഇനിയും നൽകാത്ത സ്ഥാപനമേധാവികൾ ആയത് എത്രയും വേഗം നൽകേണ്ടതാണ്. ടി ഇനത്തിൽ തുക ഒന്നും ലഭിച്ചിട്ടില്ല എങ്കിൽ 'Nil' റിപ്പോർട്ട് നൽകേണ്ടതാണ്. ടി വിഷയത്തിൽ വീഴ്ച്ച വരുത്തുന്ന സ്ഥാപനമേധാവി/ഡി.ഡി.ഒ.മാർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:

എല്ലാ സ്ഥാപനമേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

എസ്.എച്ച്. 14/07/15.ആർ